**ഇൻറേണല് വിജിലൻസ് ഓഫീസർ - 3 ടെ നടപടിക്രമം**

**(ഹാജർ - ശ്രീ അബ്ദുൾസമദ് പി.എം)**

വിഷയം - നവകേരള സദസ്സ് – കാന്തല്ലൂർ ഗ്രാമ പഞ്ചായത്ത് - കെട്ടിടത്തിന് നമ്പർ അനുവദിക്കണമെന്ന പരാതി സംബന്ധിച്ച്.

പരാമർശം - ശ്രീ വേലപ്പൻ നായർ, സരസ്വതി വിലാസം, പയസ് നഗർ പി.ഒ എന്നയാൾ നവകേരള സദസ്സിൽ സമർപ്പിച്ച പരാതി.

**ഉത്തരവ് നമ്പർ - BPIDK 30580000001/ LSGD/ IVO3/ 2024**

**തീയതി - 24.02.2024**

കാന്തല്ലൂർ ഗ്രാമ പഞ്ചായത്തിൽ വാർഡ് XI ൽ കേവിൽകടവ് ഭാഗത്ത് മുൻവശവും ഒന്നാംനിലയും വാണിജ്യാവശത്തിനായും, പിൻഭാഗം താമസ ആവശ്യത്തിനായും പണിപൂർത്തീകരിച്ചിട്ടുള്ള കെട്ടിടത്തിന് ബന്ധപ്പെട്ട രേഖകളും പ്ലാനും സഹിതം അപേക്ഷ സമർപ്പിച്ചെങ്കിലും ഗ്രാമ പഞ്ചായത്തില് നിന്ന് കെട്ടിടത്തന് XI/193 എന്ന ഒരു നമ്പർ മാത്രമാണ് അനുവദിച്ചിട്ടുള്ളത് എന്നും ആയതിനാൽ കെട്ടിടത്തിൻറെ മുകൾ നിലയിലുള്ള ഭാഗം വാടകയ്ക്ക് കൊടുക്കുന്നതിനും, ബാങ്കിൽ നിന്നും ബിസിനസ് ആവശ്യങ്ങൾക്ക് ലോൺ എടുക്കുന്നതിനും സാധിക്കാത്ത അവസ്ഥയാണെന്നു കാണിച്ചാണ് പരാമർശ പ്രകാരം പരാതി നൽകിയിരിക്കുന്നത്.

പരാതിയിൽ അദാലത്ത് സമിതി സ്ഥലത്തു പോയി നേരിട്ട് അന്വേഷണം നടത്തുകയും പഞ്ചായത്തിലെ രേഖകൾ പരിശോധിക്കുകയും ചെയ്തതിൻറെ അടിസ്ഥാനത്തില് അപേക്ഷയില് പറഞ്ഞിരിക്കുന്ന കെട്ടിടത്തിൻറെ മുൻവശവും മുകൾഭാഗവും വാണിജ്യാവശ്യത്തിനും പിൻഭാഗം താമസാവശ്യത്തിനും പണിതിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടു.

## സമിതി തീരുമാനം

മേൽ സാഹചര്യത്തിൽ അപേക്ഷകനായ ശ്രീ വേലപ്പൻ നായർ, സരസ്വതി വിലാസത്തിന്റെ ആവശ്യപ്രകാരം ടിയാന്റെ XI/193 നമ്പർ കെട്ടിടത്തിന്റെ പുറകുവശത്തുള്ള ഭാഗത്തിന് താമസാവശ്യത്തിനും, ഒന്നാംനിലയിൽ പണി പൂർത്തീകരിച്ചിട്ടുള്ള ഭാഗത്തിന് വാണിജ്യാവശ്യത്തിനുമായി രണ്ട് നമ്പരുകൾ കൂടി അനുവദിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി പരാതി നടപടികൾ അവസാനിപ്പിച്ചു തീരുമാനിച്ചു.

അബ്ദുൾസമദ് പി.എം.

ഇൻറേണല് വിജിലൻസ് ഓഫീസർ, ഇടുക്കി.

ABDULSAMAD P.M.
PEN - 578457
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603